(ബി&സി) വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം എല്ലാ ജില്ലകളിലും ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായി പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാതല അധികൃത സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

നിയമലംഘനം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തി തടയുകയും കക്ഷികളെ വിചാരണ ചെയ്യുകയും നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ഉൾപ്പെടെ കർശന നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും ടി നിയമത്തിലെ വകുപ്പ് 20 പ്രകാരം വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

## ഇരിണാവ് പാലം

170 (1203) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പാലത്തിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ-കം-ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ സ്ഥലം ലഭ്യമാക്കി പാലം നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത വില സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 4(1) വിജ്ഞാപനം പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം പ്രാബല്യത്തിൽ വന്നശേഷം

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിച്ചതിനാൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതൊഴിവാക്കാനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവ് നൽകിയതിനുശേഷം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കാവുന്നതാണ്.

**ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം**

171 (1204) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമ്പ്രദായം നടപ്പാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽവരുന്ന 17 വില്ലേജുകളിൽ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനംവഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) പാലക്കാട് യൂണിറ്റ് തയ്യാറാക്കിയ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്വെയറാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ പദ്ധതിവഴി 6-6-2015-ന് രാവിലെ 11.10 വരെ 19242 ഓൺലൈൻ പോക്കുവരവ് നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly